**ക്രമപ്രശ്നം**

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടാതെ പാസ്സാക്കിയത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നായിരുന്നു ഇന്നലത്തെ അജണ്ടയിലുണ്ടായിരുന്നത്. എന്നാൽ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ ചട്ടം 76, 77, 237 എന്നിവ ഇളവ് ചെയ്തുകൊണ്ട് ഇന്നലെ സഭ പാസ്സാക്കിയ ദൗർഭാഗ്യകരമായ നടപടിയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇന്നലെ പ്രതിപക്ഷം നൽകിയ റൂൾ 50 നോട്ടീസിൽ അന്വേഷണം നടത്തില്ലെന്ന സർക്കാരിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി സമരം നടത്തുകയുണ്ടായി. അത് സഭയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവമൊന്നുമല്ല. യു.ഡി.എഫ്. ഭരണകാലത്ത് ബാർ കോഴയുമായി ബന്ധപ്പെട്ട് അന്നത്തെ പ്രതിപക്ഷാംഗങ്ങൾ ഒരു ഡസനിലധികം പ്രാവശ്യം നടുത്തളത്തിലിറങ്ങി സമരം നടത്തിയിട്ടുണ്ട്. ഇത് പ്രതിപക്ഷാംഗങ്ങൾ

പാർലമെന്റിലും നിയമസഭകളിലും ചെയ്യുന്നതാണ്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് നടക്കാൻ പോകുമ്പോൾ, delimitation സംബന്ധിച്ച പ്രധാനപ്പെട്ട ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കുമെന്നാണ് അജണ്ടയിലുള്ളത്. സഭയിൽ അവതരിപ്പിച്ച ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കുകയും അവിടത്തെ ചർച്ചകൾക്കുശേഷം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ അംഗങ്ങളുടെ ഇടയിൽ സർക്കുലേറ്റ് ചെയ്ത് അംഗങ്ങൾക്ക് ഭേദഗതി നൽകാനുള്ള സമയം നൽകി ആ ഭേദഗതികൾ ഉൾപ്പെടുത്തി രണ്ടാം വായനയ്ക്കും മൂന്നാം വായനയ്ക്കും അവസരം നൽകണം എന്നുള്ളതാണ് ഒരു ബിൽ പാസാക്കുന്നതിനുള്ള നടപടിക്രമം. പ്രതിപക്ഷം പ്രതിഷേധിച്ചുവെന്ന ഒറ്റക്കാരണത്താൽ ആ നടപടിക്രമങ്ങളെ മുഴുവൻ കാറ്റിൽപ്പറത്തി നരേന്ദ്ര മോദി ഗവൺമെന്റ് പാർലമെന്റിൽ ബില്ലുകൾ പാസ്സാക്കുന്നതുപോലെ മോദി സ്റ്റൈലിൽ ഇന്നലെ ബില്ല് പാസാക്കുകയാണുണ്ടായത്. അത് ഒരു കാരണവശാലും അനുവദിക്കാൻ സാധിക്കില്ല. കേരള നിയമസഭയ്ക്ക് ബില്ലുകൾ പാസാക്കുന്ന കാര്യത്തിൽ പാരമ്പര്യമുണ്ട്. ആ പാരമ്പര്യത്തെ കളഞ്ഞുകുളിച്ചും ജനാധിപത്യ

സംവിധാനത്തെയും നിയമസഭയുടെ പാരമ്പര്യത്തെയും നിയമസഭയുടെ സവിശേഷതകളെയും ഇല്ലാതാക്കികൊണ്ടുള്ള ഏകപക്ഷീയമായ നടപടിയായിരുന്നു ഇന്നലെയുണ്ടായതെന്ന് പറയുന്നതിൽ ഖേദമുണ്ട്. ഇത് ഒരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യമാണ്. തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ടും ഇത്രയും വലിയൊരു ആഘാതം കിട്ടിയിട്ടും ഇതുപോലെ ധാർഷ്ട്യം നിറഞ്ഞതും ധിക്കാരം നിറഞ്ഞതുമായ നിലപാട് സ്വീകരിക്കാൻ പാടില്ല. ഇത് പ്രതിപക്ഷത്തിന് മാത്രമല്ല എല്ലാ സാമാജികർക്കും ഭേദഗതികൾ അവതരിപ്പിക്കാനുള്ളതാണ്. ഞങ്ങൾ ഭരണകക്ഷിയിലുള്ളപ്പോഴും നൂറ് കണക്കിന് ഭേദഗതികൾ അവതരിപ്പിച്ച് ബില്ലിൽ സംസാരിക്കുന്ന ആളുകളാണ്. പ്രതിപക്ഷത്തിന്റെ മാത്രം പ്രശ്നമല്ല. എല്ലാ നിയമസഭാ സാമാജികർക്കും ലഭിക്കേണ്ട അവകാശമാണ്. എന്ത് ധൃതിയാണുണ്ടായത്? Unnecessary haste അല്ലേ, അനാവശ്യമായ ധൃതി. ഈ സഭ എത്ര ദിവസം സമ്മേളിക്കുന്നുണ്ട്. ഈ സഭയ്ക്ക് മുഴുവൻ അപമാനകരമായ സംഭവമാണ് നടന്നത്. അങ്ങ് ഇക്കാര്യത്തിൽ ഒരു കൃത്യമായ റൂളിംഗ് നടത്തണം. അനൗപചാരികമായി ഞങ്ങൾ ഇത് സമ്മതിച്ചിട്ടുണ്ടെന്ന് ഇന്നലെ മാധ്യമ പ്രവർത്തകരോട് ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞിരുന്നു. അങ്ങയെ പോലുള്ള ഒരാൾ അത് പറയാൻ പാടില്ലാത്തതാണ്. ഈ വിഷയത്തിൽ ഒരു തരത്തിലുള്ള ചർച്ചയും പ്രതിപക്ഷവുമായി നടത്തിയിട്ടില്ല. ഞങ്ങൾ ഒരിക്കലും ഇത് സമ്മതിക്കില്ല. ഡിലിമിറ്റേഷൻ ബില്ലിന്റെ കാര്യത്തിൽ പ്രതിപക്ഷവും പങ്കെടുത്ത് ഞങ്ങളുടെ അഭിപ്രായംകൂടി രേഖപ്പെടുത്തി ഞങ്ങളുടെ ഭേദഗതികളും കൂടി ഉൾപ്പെടുത്തിയായിരുന്നു പാസാക്കേണ്ടത്. അപ്പോൾ ഇല്ലാത്തൊരു കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞത്. അതിൽ പ്രതിഷേധം അറിയിക്കുകയാണ്. ഞങ്ങളുമായി ഒരുതരത്തിലുള്ള സംഭാഷണവും ഗവൺമെന്റ് നടത്തിയിട്ടില്ല. സാധാരണ പാർലമെന്ററി മന്ത്രിയോ ബന്ധപ്പെട്ട മന്ത്രിയോ സംസാരിക്കും. നിങ്ങൾക്ക് എന്താണ് വാശി, ആരോടാണ് വാശി തീർത്തത്? സഭയ്ക്ക് ഒരു പേരില്ലേ. മറ്റ് സഭകളിൽനിന്ന് വ്യത്യസ്തമായി ആ സഭയുടെ പേരാണ് ഇവിടെ മോശമായത്. എന്ത് നേട്ടമാണ് നിങ്ങൾക്കുണ്ടായത്; നിങ്ങൾക്ക് ഇത്രയും വലിയ ഭൂരിപക്ഷമില്ലേ; നിങ്ങൾക്ക് ഇത്രയും ആളുകളുടെ ഭൂരിപക്ഷമില്ലേ? ആ ഭൂരിപക്ഷംകൊണ്ട് നിങ്ങൾക്ക് പാസാക്കാമല്ലോ? അല്ലാതെ ചെയ്യുന്നത് അത്ര നല്ല നടപടിയല്ല. അതിനെ ശക്തിയായി

എതിർക്കുന്നു. I register my protest. ഒരു കാരണവശാലും ഇത് ആവർത്തിക്കാൻ പാടില്ലെന്ന് അങ്ങയോട് വിനീതമായി പറയുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, 1980-ലാണ് സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വന്നത്. 40 വർഷമായി, കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും സുപ്രധാനമായ തീരുമാനമായിരുന്നു സബ്ജക്ട് കമ്മിറ്റികളുടേത്. കേരളത്തിൽ നടപ്പാക്കിയ സബ്ജക്ട് കമ്മിറ്റിയെ പഠിച്ചിട്ടാണ് ലോക്സഭാ സ്പീക്കറായിരുന്ന ശ്രീ. ശിവരാജ് പാട്ടീൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് രൂപം കൊടുത്തത്. ആ സമയത്ത് ഞാൻ ലോക്സഭാ മെമ്പർ ആയിരുന്നു. ഇന്ത്യക്കുതന്നെ മാതൃകയായ, 1980 മുതൽ തുടർന്നുവരുന്ന ഒരു കീഴ്വഴക്കം, ഇന്നലെ ബില്ലുകൾ പാസ്സാക്കുന്നതിൽ എന്തിനാണ് അനാവശ്യമായ ഒരു തിടുക്കം കാണിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ചട്ടം 76 (1), 77, 237-നെ താൽക്കാലികമായി സസ്പെന്റ് ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചതിന്റെ ഉദ്ദേശ്യശുദ്ധി പിടികിട്ടുന്നില്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പല സുപ്രധാനമായ നിയമനിർമ്മാണങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള സഭയാണിത്. നമ്മുടെ സഭ രാജ്യത്തിനാകമാനം

മാതൃകയാണ്; ക്രിയാത്മകമായ ചർച്ചകളിലൂടെയാണ് നമ്മൾ അത് പരിപാലിച്ചുപോകുന്നത്. ഇക്കാര്യത്തിൽ സുപ്രീം കോടതിയുൾപ്പെടെയുള്ള നിയമസംവിധാനങ്ങൾ കേന്ദ്രസർക്കാരിനെ പലപ്പോഴും നിശിതമായി വിമർശിച്ചിട്ടുണ്ട്. എന്നാൽ, കേരള നിയമസഭ ഈ ദുഷ്പ്രവണതകൾക്ക് എതിരായാണ് എന്നും നിലകൊണ്ടിട്ടുള്ളത്. എന്നാൽ അടുത്ത കാലത്തായി നമ്മുടെ സഭാനടത്തിപ്പിലും ചില ഏകാധിപത്യ പ്രവണതകൾ കടന്നുകൂടുന്നുണ്ട്.

കേരളത്തിൽ സബ്ജക്ട് കമ്മിറ്റികൾ നിലവിൽവന്നതിനുശേഷം ഇതുവരെ പതിനഞ്ചോളം ബില്ലുകൾ മാത്രമാണ് സഭാചട്ടങ്ങൾ സസ്പെന്റ് ചെയ്ത് പാസ്സാക്കിയിട്ടുള്ളതെന്നകാര്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽപ്പോലും പ്രതിപക്ഷത്തിന്റെകൂടി അനുവാദത്തോടെയും ബി.എ.സി.-യുടെ അംഗീകാരത്തോടെയുമാണ് നടപ്പാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട ചെയറിന് വേണമെങ്കിൽ രേഖകൾ പരിശോധിക്കാവുന്നതാണ്. അനിയന്ത്രിതമായ ബഹളം കാരണം സഭാനടപടികൾ തുടർച്ചയായി തടസ്സപ്പെടുന്ന സാഹചര്യത്തിലും സഭാതലത്തിൽ പ്രതിക്ഷാംഗങ്ങളുടെ സത്യഗ്രഹം നടക്കുമ്പോഴും ഇലക്ഷൻ പ്രഖ്യാപനം വരുന്ന അപൂർവ്വമായ

സന്ദർഭങ്ങളിലും പ്രത്യേകമായി ഫിനാൻസ് ബില്ലുകൾ മാത്രമാണ് ഇത്തരത്തിൽ പാസ്സാക്കിയിട്ടുള്ളതെന്നാണ് എന്റെ ഓർമ്മ. 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവ ഇത്തരത്തിൽ തിടുക്കത്തിൽ പാസ്സാക്കേണ്ട യാതൊരു ആവശ്യവുമില്ലെന്ന് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. ഈ രണ്ടു ബില്ലുകളും 2020-ൽ സർക്കാർ കൊണ്ടുവന്നതാണ്. അന്ന് പ്രതിപക്ഷം ഉന്നയിച്ച തടസ്സവാദങ്ങളെ മറികടന്ന് നിർബന്ധബുദ്ധിയോടെ ഈ ബില്ലുകൾ സർക്കാർ പാസ്സാക്കിയെടുത്തു. എന്നാൽ കോവിഡ് വന്ന സാഹചര്യത്തിൽ ഡീലിമിറ്റേഷൻ പ്രോസസ്സുമായി മുമ്പോട്ടുപോകാൻ കഴിയാത്തതുകൊണ്ടാണ് അന്ന് ആ നിയമം ലാപ്സായത്. ഇക്കാര്യത്തിൽ പല യൂ-ടേണുകളും ഗവൺമെന്റ് എടുത്തുവെന്നുള്ളത് വസ്തുതയാണ്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഈ രണ്ട് സുപ്രധാന ബില്ലുകളും ഒരു ചർച്ചയും കൂടാതെ പാസ്സാക്കുന്നത് ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിക്കും. ഇത് പാർലമെന്ററി ജനാധിപത്യത്തിന് ചേരുന്ന നടപടിയല്ല. സഭയെയും അതിലെ കമ്മിറ്റികളുടെ അംഗങ്ങളുടെ അവകാശത്തെയും

കവർന്നെടുക്കുന്ന ഒരു പുതിയ കീഴ്വഴക്കം, അമിതാധികാര പ്രവണത വർദ്ധിപ്പിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അംഗങ്ങളുടെയും നിയമസഭാ കമ്മിറ്റികളുടെയും സ്വാതന്ത്ര്യവും അവകാശവും സംരക്ഷിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് ബാധ്യതയുണ്ടെന്നുള്ളതുകൊണ്ടുതന്നെ ഇത്തരം സാഹചര്യം ഒഴിവാക്കാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നും റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇന്നലെ ചർച്ചകളും നടപടിക്രമങ്ങളും പൂർത്തീകരിക്കാതെ അംഗീകരിച്ച് പാസ്സാക്കിയ രണ്ട് ബില്ലുകളുടെ കാര്യത്തിൽ വളരെ വലിയ ചട്ടലംഘനമാണ് നടന്നിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവുമൊക്കെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 237 (1)-ൽ 'ധനവിനിയോഗ ബിൽ അല്ലാതെയുള്ള ഏതൊരു ബില്ലും സെലക്ട് കമ്മിറ്റിക്ക് അയച്ചുകൊടുത്തിട്ടില്ലായെങ്കിൽ അതിന്റെ പേരിൽ സ്വീകരിച്ചിട്ടുള്ള പ്രമേയത്തിന്മേൽ സഭ അതിന്റെ പൊതുതത്വങ്ങൾ അംഗീകരിച്ചശേഷം അതുസംബന്ധിച്ച ഏതെങ്കിലും ഭേദഗതികൾ

ലഭിച്ചിട്ടുണ്ടെങ്കിൽ ആ ഭേദഗതികളോടൊപ്പം, ആ ബില്ലിന്റെ വിഷയം ഏത് സബ്ജക്ട് കമ്മിറ്റിയുടെ അധികാരപരിധിയിലാണോ വരുന്നത് ആ സബ്ജക്ട് കമ്മിറ്റിക്ക് വിശദമായ പരിശോധനയ്ക്കുവേണ്ടി അയച്ചുകൊടുത്തതായി തീരുന്നതാണ് എന്നാണ് എഴുതിവച്ചിട്ടുള്ളത്. ഈ റൂൾസ് ഓഫ് പ്രൊസീജ്വർ നിലനിൽക്കുമ്പോൾ അതിനെ നഗ്നമായി അവഗണിച്ചുകൊണ്ട് ഇന്നലെ ഇവിടെ ബിൽ പാസ്സാക്കിയത് ശരിയായില്ല. മറ്റൊരു കാര്യം, നമ്മുടെ സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടം 9 (1) പ്രകാരം സബ്ജക്ട് കമ്മിറ്റികൾ നിയമനിർമ്മാണം സംബന്ധിച്ച പരിശോധനകൾക്കുള്ള പ്രത്യേക വ്യവസ്ഥ അനുശാസിക്കുന്നു. അതുപ്രകാരം ധനവിനിയോഗ ബില്ലുകൾ ഒഴികെയുള്ളവ നേരത്തെ പറഞ്ഞതുപോലെ പരിശോധിക്കേണ്ടതാണ്. ഈ ബില്ലുകളെ സംബന്ധിച്ചിടത്തോളം പത്തുപതിനഞ്ച് വർഷത്തിനുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് വാർഡുകൾ പുനഃസംവിധാനം നടത്താൻ പോകുന്നത്. ഗവൺമെന്റ് ഈ ബില്ലിൽ പറയുന്നത് ഓരോ വാർഡുകളാണ് വർദ്ധിപ്പിക്കുന്നതെന്നാണ്. ഇവിടെ വ്യത്യസ്തമായ അഭിപ്രായങ്ങൾ നിങ്ങൾക്കും ഞങ്ങൾക്കുമുണ്ട്. ഈ സാഹചര്യത്തിൽ ഒരു വാർഡ് കൂട്ടിയാൽ മതിയാകുമോ,

ആ ചർച്ച ഇനി എവിടെ പറയും; ബിൽ പാസ്സാക്കിയില്ലേ; ഇതിന്റെ മാനദണ്ഡമെന്താണ്? ഇക്കാര്യത്തിൽ ഒരുപാട് litigations, നിയമപ്രശ്നങ്ങൾ വരെയുണ്ടാകും. കാരണം ഓരോ പഞ്ചായത്തിലും ഒരു വാർഡ് വർദ്ധിപ്പിച്ചാൽ മതിയാകുമോ; ജനസംഖ്യ കൂടിയസ്ഥലത്തും കുറഞ്ഞ സ്ഥലത്തും ഒരു വാർഡ് കൂട്ടിയാൽ മതിയോ? അതിനാണ് നിങ്ങൾ മിനിമം ലിമിറ്റും മാക്സിമം ലിമിറ്റും മാത്രം മാറ്റിയത്. ഇത് ജനാധിപത്യ വിരുദ്ധമാണ്. ബില്ലിൽ വളരെ വിശദമായ ചർച്ച വേണമെന്നുള്ളതുകൊണ്ടാണ് ബില്ലിന്റെ ചർച്ചയ്ക്ക് ടൈം ലിമിറ്റ് വയ്ക്കാത്തത്. ആ നിയമനിർമ്മാണം കുറ്റമറ്റതാകണമെന്നതാണ് അതിന്റെ താല്പര്യം.

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്.. റെപ്പറ്റീഷൻ ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ അവസാനിപ്പിക്കാം. ഇവിടെ രണ്ടാം വായനയ്ക്കും മൂന്നാം വായനയ്ക്കും അവസരമുണ്ടായില്ല, പ്രതിപക്ഷാംഗങ്ങൾക്ക് വിയോജനക്കുറിപ്പ് കൊടുക്കാനുള്ള അവസരവുമുണ്ടായില്ല. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങൾ നിയമസഭയിൽ ചൂണ്ടിക്കാണിക്കാനുള്ള അവസരവുമുണ്ടായില്ല. മാത്രമല്ല മറ്റൊരു റൂളിംഗിന്റെകൂടി ലംഘനമാണ്. 29-06-

2010-ൽ ഇതുപോലെ ചെയ്തപ്പോൾ ബി.എ.സി.-യിലോ പ്രതിപക്ഷനേതാവുമായോ ചർച്ച ചെയ്യാതെ ഏകപക്ഷീയമായി ബില്ലുകൾ പാസ്സാക്കിയെടുക്കാൻ പാടില്ലെന്ന കൃത്യമായ റൂളിംഗ് നിലനിൽക്കവെയാണ് ആ റൂളിംഗിനെക്കൂടി അട്ടിമറിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇത് ചെയ്തിട്ടുള്ളത്. ഇത് ശരിയല്ല; ഇതുസംബന്ധിച്ച് ശക്തമായ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും ശ്രീ. എൻ. ഷംസുദ്ദീനും ഇവിടെ ഉന്നയിച്ചതുപോലെ ഇതിൽ വാശിയുടെയോ ഏകാധിപത്യത്തിന്റെയോ ഒരു പ്രശ്നവുമില്ല. അങ്ങനെയൊരു സമീപനംകൊണ്ടല്ല ഇന്നലെ ബിൽ പാസ്സാക്കിയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും ചോദിച്ച ഒരു ചോദ്യം, ഈ Unnecessory haste, അനാവശ്യ തിടുക്കം എന്തിനായിരുന്നുവെന്നാണ്. തിടുക്കമുണ്ടായിരുന്നു. പക്ഷേ അത് ഒട്ടും അനാവശ്യമായിരുന്നില്ല. വാർഡ് വിഭജനത്തിന്റെ നടപടിക്രമങ്ങൾ വളരെ ദീർഘമാണ്. 2025 ഡിസംബർ 21-

നുമുൻപായി തെരഞ്ഞെടുപ്പ് നടത്തി ഫലം പ്രഖ്യാപിക്കണം. അപ്പോൾ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി കഴിയും. 2025 ഡിസംബർ 21-ന് മുൻപ് തെരഞ്ഞെടുപ്പ് നടത്തി ഫലം പ്രഖ്യാപിക്കണമെങ്കിൽ നമുക്ക് നവംബർ-ഡിസംബർ മാസങ്ങളിലായി തെരഞ്ഞെടുപ്പ് നടത്തേണ്ടിവരും. മുന്നൊരുക്ക പ്രവർത്തനങ്ങൾക്ക് ചുരുങ്ങിയത് ഒരു വർഷമെടുക്കും. തെരഞ്ഞെടുപ്പ് നടത്തുന്നതിനുമുമ്പായി സംവരണ വാർഡുകൾ തീരുമാനിക്കണം, പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, മറ്റ് സംവരണ സ്ഥാനങ്ങൾ എന്നിവ സംബന്ധിച്ച തീരുമാനം, പോളിംഗ് ബൂത്തുകൾ നിശ്ചയിക്കൽ, വോട്ടർ പട്ടിക തയ്യാറാക്കൽ, തെരഞ്ഞെടുപ്പ് നടത്തിപ്പിനാവശ്യമായ വരണാധികാരികളെ തീരുമാനിക്കൽ, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, ഇ.വി.എം. ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് സാമഗ്രികളുടെ ശേഖരണം, ഫോറങ്ങളുടെയും കൈപ്പുസ്തകങ്ങളുടെയും അച്ചടി തുടങ്ങിയ ഒരുപാട് പ്രവർത്തനങ്ങൾ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നടത്തേണ്ടതുണ്ട്. വാർഡ് വിഭജനം പൂർത്തിയായതിനുശേഷം മാത്രമേ തെരഞ്ഞെടുപ്പിന്റെ പ്രാരംഭപ്രവർത്തനങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന്

ആരംഭിക്കാൻ സാധിക്കുകയുള്ളൂ. വാർഡ് വിഭജനത്തിന്റെ പ്രക്രിയയും വളരെ ദീർഘമാണ്. ജനസംഖ്യയുടെ കുറഞ്ഞതും കൂടിയതുമായ പരിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ അംഗസംഖ്യ അതായത് ഓരോന്നിനും പട്ടികജാതി പട്ടികവർഗ്ഗ സംവരണ സ്ഥാനങ്ങൾ നിശ്ചയിച്ച് ഉത്തരവാകണം, ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കണം, അതുപോലെ നിശ്ചയിച്ച അംഗസംഖ്യയ്ക്ക് അനുസൃതമായി നിയോജകമണ്ഡലങ്ങളായി വിഭജിച്ച് വാർഡ് അതിർത്തികൾ നിർണ്ണയിക്കണം, കരട് നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ തയ്യാറാക്കി ജില്ലാ കളക്ടർമാർ മുഖേന തെരഞ്ഞെടുപ്പ് കമ്മീഷന് നൽകണം, തെരഞ്ഞെടുപ്പ് കമ്മീഷൻ അതൊരു നോട്ടീസായി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും വേണം. വാർഡ് വിഭജനം മൂന്ന് ഘട്ടങ്ങളിലായി മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. ഗ്രാമ, മുനിസിപ്പൽ, കോർപ്പറേഷൻ വാർഡുകൾ വിഭജനം ഒരുമിച്ച് നടത്താം. പക്ഷേ

ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം മുഴുവൻ നടത്തിക്കഴിഞ്ഞതിനുശേഷം മാത്രമേ ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്താൻ കഴിയുകയുള്ളൂ. അതിനുശേഷം മാത്രമേ ജില്ലാ പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്താൻ സാധിക്കുകയുള്ളൂ. സംവരണ മണ്ഡലങ്ങൾ നറുക്കെടുപ്പിലൂടെ നിശ്ചയിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്. പുതിയ വാർഡുകൾ വന്നതിനുശേഷം മാത്രമേ തെരഞ്ഞെടുപ്പ് കമ്മീഷന് വോട്ടർ പട്ടിക ക്രമീകരിക്കാൻ കഴിയുകയുള്ളൂ. കമ്മീഷൻ വോട്ടർ പട്ടിക ക്രമീകരിക്കണമെങ്കിൽ പുതിയ വാർഡുകൾ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള കെട്ടിടങ്ങളുടെ റീ നമ്പറിംഗ് നടത്തണം. ഇത്രയും ദീർഘമായ പ്രക്രിയയാണുള്ളത്. അതുകൊണ്ടുതന്നെ ഈ ബിൽ എത്രയും പെട്ടെന്ന് പാസ്സാക്കുകയെന്നത് ഒരു അടിയന്തര ആവശ്യമായിരുന്നു. അതുകൊണ്ടാണ് ഇതിൽ അനാവശ്യമായ ധൃതിയുടെയോ പിടിവാശിയുടെയോ വാശിതീർക്കലിന്റെയോ ഏകാധിപത്യത്തിന്റെയോ ഒരു പ്രശ്നവുമില്ലെന്ന് ഞാൻ പറഞ്ഞത്. ഈ സാഹചര്യം (....ബഹളം....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... കമന്റ് ചെയ്യരുത്. ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ മറുഭാഗം സൈലന്റായി ഇരുന്നല്ലോ. അങ്ങ് സംസാരിക്കൂ.

ശ്രീ. എം. ബി. രാജേഷ്: സർ, ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നതിന് സർക്കാരിന് യാതൊരു വിരോധവുമില്ല. ഞങ്ങൾ ഇന്നലെ സബ്ജക്ട് കമ്മിറ്റി നിശ്ചയിച്ചിരുന്നതാണല്ലോ. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ 2020-ൽ ഈ ബിൽ സഭ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും അവിടെ ചർച്ച ചെയ്ത് വീണ്ടും സഭയിൽ വന്ന് പ്രതിപക്ഷത്തിന്റെ ഭേദഗതികളെല്ലാം ചർച്ച ചെയ്ത് പാസ്സാക്കിയതുമാണ്. അതിന് ഗവർണറുടെ അസെന്റും ലഭിച്ചിട്ടുണ്ട്. മുൻ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ കോവിഡ് സാഹചര്യം കൊണ്ടുമാത്രമാണ് ആ ബിൽ സഭ റദ്ദ് ചെയ്തത്. അതിനുശേഷം ഇപ്പോൾ ആ ബില്ലിൽ കുത്ത്, കോമ, വള്ളി-പുള്ളി വിസർഗ്ഗ വ്യത്യാസമില്ലാതെ തനിപകർപ്പാണ് കൊണ്ടുവന്നിട്ടുള്ളത്. ചർച്ച ചെയ്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ലെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ചർച്ച ചെയ്ത് ഭേദഗതികൾ വന്നതാണ്. ഇത്തവണ ഈ ബില്ലിന് ഭേദഗതികളുണ്ടായിരുന്നോ;

ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർതന്നെ വായിച്ചതാണല്ലോ? ഒരു ഭേദഗതിയും ഉണ്ടായിരുന്നില്ല. പ്രതിപക്ഷമോ ഭരണപക്ഷമോ ഭേദഗതികൾ ഒന്നുംതന്നെ നൽകിയിട്ടില്ല. ഈ ഭേദഗതികൾ എവിടെ പറയുമെന്ന് ബഹുമാന്യനായ ഒരംഗം ചോദിച്ചു. മിനിമവും മാക്സിമവും ഒന്ന് കൂട്ടിയാൽ മതിയോ എന്ന കാര്യവും അദ്ദേഹം ചോദിച്ചു. 1994-ലെ പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പൽ ആക്ട് എന്നിവ പാസ്സായതിനുശേഷം സ്വീകരിച്ച അതേ മാനദണ്ഡമേ ഇപ്പോഴും സ്വീകരിച്ചിട്ടുള്ളൂ. 2010-ൽ യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോഴും ഇതേ മാനദണ്ഡമാണ് സ്വീകരിച്ചത്. ഡീലിമിറ്റേഷൻ കമ്മീഷൻ അന്നാണ് വന്നത്. ഈ മാനദണ്ഡങ്ങളെയെല്ലാം ന്യായീകരിച്ചുകൊണ്ടുള്ള, ഇന്നത്തെ പ്രതിപക്ഷനേതാവിന്റെ പ്രസംഗം അക്കാലത്തെ പ്രൊസീഡിംസ് വായിച്ചപ്പോൾ കാണാനിടയായി. എന്താണ് പുതുതായും വ്യത്യസ്തമായും ചെയ്തിട്ടുള്ളത്. ഒരിക്കൽ ചർച്ച ചെയ്ത് അംഗീകരിച്ച കാര്യം വളരെ സാങ്കേതികമാണ്. അത് വീണ്ടും പാസ്സാക്കേണ്ടിവന്നുവെന്നതല്ലാതെ യാതൊരു തരത്തിലുള്ള വാശിയുടെയും പ്രശ്നമില്ല. മുമ്പും സഭയിൽ ഇത്തരം കീഴ്‌വഴക്കമുണ്ടായിട്ടുണ്ടെന്നും ചട്ടങ്ങളിൽ അതിനുള്ള വ്യവസ്ഥയുണ്ടെന്നും മുൻ

പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു. ഒരു അടിയന്തര സാഹചര്യത്തിൽ ആ വ്യവസ്ഥ ഇവിടെ ചട്ടപ്രകാരം ഉപയോഗിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. മുൻപ് മാത്രമല്ല, ഈ നിയമസഭയുടെ കാലത്തും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുവിടാതെ കൺസെൻസസ്സിന്റെ അടിസ്ഥാനത്തിൽ ബിൽ പാസ്സാക്കിയ അനുഭവമുണ്ട്. കൺസെൻസസ്സിന് സർക്കാരിന് തർക്കമുണ്ടായിരുന്നില്ല. ഇന്നലെ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി സംസാരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്തെങ്കിലുമൊരു എതിർപ്പുള്ളതായി തോന്നിയില്ല. ഈ ബിൽ അവതരിപ്പിച്ചപ്പോഴും പരിഗണനയ്ക്കെടുത്തപ്പോഴും അങ്ങ് സഭാനടപടികൾ സശ്രദ്ധം വീക്ഷിച്ചുകൊണ്ടും ശ്രവിച്ചുകൊണ്ടും ഹെഡ്ഫോൺ വച്ചുകൊണ്ട് ചെയറിൽതന്നെ ഇരിക്കുകയായിരുന്നു. ബാക്കിയുള്ളവർ മാത്രമേ വെല്ലിൽ ഉണ്ടായിരുന്നുള്ളൂ. ആ ഘട്ടത്തിൽ ഇതുപോലൊരു കാര്യത്തിൽ അങ്ങ് എതിർപ്പ് പ്രകടിപ്പിച്ചിരുന്നെങ്കിൽ ഞങ്ങൾ തർക്കമില്ലാതെ സമ്മതിക്കുമായിരുന്നു. ഇത്തരം കാര്യങ്ങളെ തികച്ചും ജനാധിപത്യപരമായാണ് ഞങ്ങൾ കാണുന്നത്. പ്രതിപക്ഷനേതാവിന് ഒബ്ജക്ഷനുണ്ടെങ്കിൽ ആ

ഘട്ടത്തിൽ പറഞ്ഞാൽ ഒരു വിരോധവും ഞങ്ങൾക്ക് ഉണ്ടാകുമായിരുന്നില്ല. ഞങ്ങൾ ഇന്നലെത്തന്നെ സബ്ജക്റ്റ് കമ്മിറ്റി കൂടാൻ തീരുമാനിച്ചിരിക്കുകയായിരുന്നു. (......ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... ശ്രീ. എം. വിൻസെന്റ്....

ശ്രീ. എം. ബി. രാജേഷ്: സർ, നിങ്ങൾ എല്ലാക്കാര്യവും ഒരു ഏറ്റുമുട്ടലിന്റെ വിഷയമാക്കി മാറ്റരുത്. ഞാൻ വളരെ സത്യസന്ധമായും ആത്മാർത്ഥമായും സർക്കാരിന്റെ മനോഭാവം എന്തായിരുന്നുവെന്ന് വ്യക്തമാക്കിയതാണ്. ഇന്നലെ സുഖകരമല്ലാത്ത ഒരു അന്തരീക്ഷമാണ് സഭയിലുണ്ടായത്. ആ സാഹചര്യത്തിൽ ആശയവിനിമയത്തിൽ വന്ന പ്രശ്നമാണ്. സർക്കാരിന് അങ്ങനെ ഒരുതരത്തിലുമുള്ള മനോഭാവവുമില്ലെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു സത്യസന്ധതയും ആത്മാർത്ഥതയുമില്ലാത്ത പ്രതികരണമാണ് ബഹുമാനപ്പെട്ട മന്ത്രി നടത്തിയത്. വളരെ തിരക്കുപിടിച്ച ഒരുപാട് പ്രൊസീജ്യറുള്ള പ്രക്രിയയാണ് ഡീലിമിറ്റേഷൻ എന്നാണ് അദ്ദേഹം പറഞ്ഞത്.

അങ്ങനെയാണെങ്കിൽ ലോക്സഭാ തെരഞ്ഞെടുപ്പിനുമുൻപ് നിങ്ങൾക്ക് ഈ ബില്ലുകൾ കൊണ്ടുവരാമായിരുന്നില്ലേ; ബിൽ നിങ്ങളുടെ കൈവശമുണ്ടായിരുന്നില്ലേ? നിങ്ങളുടെ നിഷ്ക്രിയത്വമായിരുന്നു. ഇന്നലെ അജണ്ടയിൽ കൊണ്ടുവന്ന ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുമെന്നാണ് നിങ്ങൾ പറഞ്ഞത്. അത് പാസ്സാക്കിയത് പഴയ സഭയിലാണ്. ആ സഭയിലില്ലാത്ത ഒരുപാട് അംഗങ്ങൾ ഈ സഭയിലുണ്ട്. അവർക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളും ഭേദഗതികളുമുണ്ടാകാം. വേഗത്തിൽ പാസ്സാക്കേണ്ട ബിൽ ആണെങ്കിൽ ഞങ്ങളോട് അത് പറയേണ്ടതല്ലേ? അപ്പോൾ ഞങ്ങൾക്ക് ഞങ്ങളുടെ അഭിപ്രായം പറയാമായിരുന്നു. ഇന്നലെ ഫോട്ടോ സെഷൻ കഴിഞ്ഞ് നടന്നുവരുന്ന സമയം ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണൻ, ഇന്ന് ഈ ബിൽ പാസ്സായി പോകുമല്ലോയെന്ന് ഞങ്ങളോട് ചോദിച്ചു; യഥാർത്ഥത്തിൽ എനിക്കത് മനസ്സിലായില്ല. സബ്ജക്ട് കമ്മിറ്റിയിലേക്ക് പോകാൻ ഞങ്ങൾ ഇവിടെ ഇരിക്കുമോ ഇല്ലയോ എന്നാണ് അദ്ദേഹം ചോദിച്ചതിന്റെ അർത്ഥമെന്നാണ് ഞാൻ കരുതിയത്. ഇന്നലെ സബ്ജക്ട് കമ്മിറ്റി ചേർന്ന് റിപ്പോർട്ട് ചെയ്യുന്ന ബിൽ സർക്കുലേറ്റ് ചെയ്ത്, ഇന്ന്

വൈകുന്നേരം ബിൽ സഭയിൽവച്ച് പാസ്സാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിൽ ഞങ്ങൾ സഹകരിക്കുമായിരുന്നല്ലോ? ഈ സഭയുടെ ചരിത്രത്തിൽ ഒരുകാലത്തുമില്ലാത്ത ഒരു നടപടിയാണിത്. സമന്വയത്തിന്റെ ഭാഗമായി ചില അടിയന്തര ഘട്ടങ്ങളിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ സഭയിൽ ബിൽ പാസ്സാക്കിയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത്. സാംക്രമിക രോഗങ്ങളെ സംബന്ധിച്ച ബിൽ വന്നപ്പോൾ ഞങ്ങൾ സഹകരിച്ചു. ഞങ്ങൾ സർക്കാരുമായി സഹകരിക്കുന്നവരാണ്. ബഹുമാനപ്പെട്ട സഭാനാഥനായ അങ്ങും ഇത് ശ്രദ്ധിക്കണം. നിയമസഭാ ചരിത്രത്തിൽ ആദ്യമായാണ് ഒരു അജണ്ടയിൽ വന്ന വിഷയം ആരോടും പറയാതെ, പ്രതിപക്ഷത്തിന്റെ പോലും കൺസെൻസസ്സില്ലാതെ വേവ് ചെയ്ത് പാസ്സാക്കി പോകുന്നത്. അങ്ങനെയാണോ വേണ്ടത്? അത് ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. ഇവിടെ പറയുന്ന ന്യായവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല. മോദി സ്റ്റൈലിലാണ് ചെയ്യുന്നതെങ്കിൽ സബ്ജക്ട് കമ്മിറ്റികളെല്ലാം പിരിച്ചുവിടണം. ഇത് ഒരിക്കലും അനുവദിക്കാൻ പാടില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രധാനപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞു. ഒരു ഫാക്ച്വൽ എറർ മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും പറഞ്ഞത് ചരിത്രത്തിൽ ആദ്യമായാണ് ഇങ്ങനെയൊരു സംഭവം നടന്നതെന്നാണ്. മാത്രമല്ല, ധനവിനിയോഗ ബില്ലുകൾ മാത്രമാണ് ഇത്തരത്തിൽ പാസ്സാക്കുന്നതെന്നാണ് മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത്. എന്നാൽ, ധനവിനിയോഗ ബിൽ ഇതില്ലാതെ തന്നെ പാസ്സാക്കാമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ The Municipal Laws Amendment (Amending) Bill, 1987, The Kerala Municipalities (Amendment) Bill 1987 എന്നിവ 01-04-1987-ന് നിയമസഭയിൽ ചർച്ച കൂടാതെ പാസ്സാക്കാൻ ചട്ടം 76 സസ്പെൻഡ് ചെയ്തു. ഇതിന് അനുയോജ്യമായി ചട്ടം 79-ഉം ഭാഗികമായി ഭേദഗതി ചെയ്തു, ബിൽ ചർച്ച കൂടാതെ പാസ്സാക്കി. അന്നുണ്ടായിരുന്ന സവിശേഷത, സഭയിലെ രണ്ട് അംഗങ്ങൾ ഒഴികെ ബാക്കിയെല്ലാവരും അംഗീകരിച്ചെങ്കിലും ആ രണ്ട് അംഗങ്ങൾ തങ്ങളുടെ

ഭേദഗതികൾ അവതരിപ്പിച്ച് സംസാരിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു. അന്നത്തെ റൂളിംഗ് - ഒരു ബില്ലിന്റെ ചർച്ചയെന്നാൽ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കലാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് സ്പീക്കർ അതിനുപോലും അനുമതി നൽകിയിട്ടില്ല. അത് സഭയുടെകത്തുള്ള ചരിത്രത്തിന്റെ ഭാഗമാണ്. ചർച്ച കൂടാതെ ഒരു ബിൽ പാസ്സാക്കണമെന്നതല്ല സർക്കാരിന്റെ സമീപനം. ഇന്നലത്തെ സാഹചര്യവും ഈ ബില്ലിന്റെ സവിശേഷതയും ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ കസേരയിലിരിക്കുകയായിരുന്നു. പ്രതിഷേധം പ്രകടിപ്പിച്ചില്ലെന്ന് അദ്ദേഹം പറഞ്ഞു, ബഹുമാനപ്പെട്ട അങ്ങയോട് ഞാൻ ചോദിക്കുകയാണ്; നടുത്തളത്തിലിറങ്ങി പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുമ്പോൾ അങ്ങ് മൈക്ക് തരാറില്ല. ഒരു സ്പീക്കറും പ്രതിപക്ഷനേതാവിനെന്നല്ല മറ്റാർക്കും മൈക്ക് കൊടുക്കാറില്ല. മൈക്ക് ലഭിക്കാതെ എനിക്ക് പ്രതിഷേധിക്കാൻ കഴിയില്ല; പ്രതിഷേധിക്കാൻ സ്പീക്കർ അനുവദിക്കില്ല. മറ്റൊന്ന്, ശ്രീ. സണ്ണി ജോസഫിന് ലോട്ട് കിട്ടിയതിൻപ്രകാരം ജനറൽ അമെന്റ്മെന്റിന് കൊടുത്തിരുന്നു. അദ്ദേഹത്തിന് റൈറ്റ് ഇല്ലേ?

അമെന്റ്മെന്റ് കൊടുത്തിട്ടില്ലെന്ന് പറഞ്ഞത് തെറ്റാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്യുന്ന ബിൽ സർക്കുലേറ്റ് ചെയ്തതിനുശേഷമാണ് മേജർ അമെന്റ്മെന്റ് കൊടുക്കുന്നത്. ഇതിനുമുമ്പ് ഇങ്ങനെ ചെയ്തിട്ടില്ലെന്ന് ഞങ്ങൾ പറയുന്നില്ല. സഭയിൽ ബഹളം നടന്ന് സഭ അവസാനിപ്പിക്കേണ്ട സാഹചര്യമുണ്ടാകുന്ന സമയത്തോ, അടിയന്തരഘട്ടങ്ങളിലോ സമന്വയമുണ്ടാക്കിയിട്ടാണ് മുൻകാലങ്ങളിൽ ചർച്ച കൂടാതെ ബിൽ പാസ്സാക്കിയിട്ടുള്ളത്. ഇത്തരം ഒരു സംഭവം നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് നടക്കുന്നത്.

മി. സ്പീക്കർ: യെസ്.... യെസ്.... ഇതൊരു ഡിബേറ്റാക്കേണ്ട.. പ്ലീസ്.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ തർക്കത്തിനൊന്നുമല്ല; തുടക്കം മുതലേ ഇതിലൊരു തർക്കത്തിന്റെ സമീപനം ഞാൻ സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ ഇക്കാര്യം പറഞ്ഞിരുന്നെങ്കിൽ ഈ തർക്കം ഒഴിവാക്കാമായിരുന്നു. (.....ബഹളം.....)

മി. സ്പീക്കർ: യെസ്.... യെസ്.... റൂളിംഗ് നൽകുന്നതിനുമുമ്പ് ഒരു കാര്യം പറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുന്നേറ്റ് നിന്നാൽപ്പോലും

ചെയർ സംസാരിക്കാൻ അനുവാദം കൊടുക്കാറില്ലെന്ന് അദ്ദേഹം പറഞ്ഞു. അത് ശരിയായ രീതിയല്ല. നടുത്തളത്തിൽ നിങ്ങൾ ഇറങ്ങുമ്പോൾ എന്റെ മുഖം മറയ്ക്കുകയല്ലേ, ചെയറിന്റെ മുഖം മറച്ചാൽ നിങ്ങൾ എഴുന്നേറ്റോ ഇല്ലയോയെന്ന് ചെയർ എങ്ങനെ കാണും? പൊതുവിൽ പ്രതിപക്ഷനേതാവ് ഏതെല്ലാം സമയത്ത് എഴുന്നേറ്റിട്ടുണ്ടോ ആ സമയങ്ങളിലെല്ലാം ചെയർ പ്രതിപക്ഷനേതാവിനെ റെസ്പെക്ട് ചെയ്യുകയും സമയം കൊടുക്കുകയും ചെയ്തിട്ടുണ്ട്.